"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

**കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്**

ഇണ്ടാസ് നം: G1-18423/2024/PrHQ ; തീയതി : 27-06-2024

10.06.2024 തീയതിയിലെ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിൽ നിന്നുള്ള ജി ഒ (എം എസ്) നം.8/2024/പി & എ ആർ ഡി നമ്പർ ഉത്തരവ് അറിവിലേയ്ക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha.V.S

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **1.ഡി ഐ ജി ഓഫ് പ്രിസൺസ്**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

2.എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

3.ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

18423/2024

"ഭരണഭാഷ-മാതൃഭാഷ"

കേരളസർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - സർക്കാർവകുപ്പുകൾ, സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണസ്ഥാപനങ്ങൾ, ഇതര സർക്കാരേജൻസികൾ നടത്താനുദ്ദേശിക്കുന്ന/നടത്തുന്ന/പൂർത്തീകരിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും നിർമ്മാണങ്ങളുടെയും പരസ്യങ്ങൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ മലയാളത്തിൽത്തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കണമെന്ന് നിർദേശം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്

ജി ഒ (എം എസ്)നം. 8/2024/പി&എആർഡി തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:- 1. 04.02.2006 ലെ ജിഒ (ആർ.ടി) നം. 21/2006/പി&എആർഡി

2. 14.03.2017 ലെ ജിഒ (പി) നം. 4/2017/പി&എആർഡി

3. 26.04.2017 ലെ ജിഒ (പി) നം. 6/2017/പി&എആർഡി

## ഉത്തരവ്

സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷ പൂർണമായും മലയാളമായിരിക്കണം എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി, നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ, മറ്റു കത്തിടപാടുകൾ, ഫയൽനടപടികൾ, റിപ്പോർട്ടുകൾ എന്നിവ മലയാളത്തിൽത്തന്നെയായിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം 1, 2, 3 പ്രകാരം സർക്കാർ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, സർക്കാർ നടപ്പാക്കിയ പദ്ധതികൾ, പൂർത്തിയാക്കിയ പ്രവൃത്തികൾ, നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ/പാലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന ബോർഡുകളിൽ ഇപ്പോഴും ഇംഗ്ലീഷ് ഉപയോഗിക്കുന്നതായി ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും സർക്കാർ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് മലയാളമാണ് ഏറ്റവും ഉചിതമായ ഭാഷയെന്ന് വിലയിരുത്തിയിട്ടുള്ളതുമാണ്. അതിനാൽ സർക്കാർവകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര സർക്കാരേജൻസികൾ നടത്താനുദ്ദേശിക്കുന്ന/നടത്തുന്ന/പൂർത്തീകരിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും നിർമ്മാണങ്ങളുടെയും പരസ്യങ്ങൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ മലയാളത്തിൽത്തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

G1
4
18/6/24

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമപരമായി ഇംഗ്ലീഷും

ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ, സർക്കാർവകുപ്പുകൾ, സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണസ്ഥാപനങ്ങൾ, ഇതര സർക്കാരേജൻസികൾ നടത്താനുദ്ദേശിക്കുന്ന/നടത്തുന്ന/പൂർത്തീകരിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും നിർമ്മാണങ്ങളുടെയും പരസ്യങ്ങൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ മലയാളത്തിൽത്തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കണമെന്ന് നിർദേശം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ഉദയകുമാർ എസ് ആർ
ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും/ എല്ലാ വകുപ്പുതലവന്മാർക്കും/ എല്ലാ ജില്ലാമേധാവികൾക്കും

സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർധസർക്കാർ/ സഹകരണ / സ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാർക്ക്

ഡയറക്ടർ, വിവര-പൊതുജനസമ്പർക്കവകുപ്പ് (പ്രസിദ്ധീകരണത്തിന്)

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ